N.S.S HIGHER SECONDARY SCHOOL KOOTTAR
KARUNAPURAM

# നിനവ്

കുട്ടികളുടെ മാസിക

DIGITAL MAGAZINE---------- LITTLE KITES

# ആമുഖം

വിവര വിനിമയ സാങ്കേതിക വിദ്യ വിദ്യാർത്ഥികളുടെ അറിവിന്റെ ചക്രവാളത്തെ വിസ്തൃതമാക്കുന്നു.ലോകം  കൈക്കുമ്പിളിൽ ഒതുങ്ങുന്ന ഈ കാലത്ത് ലിറ്റിൽ കൈറ്റ്സ് പോലെയുള്ള സംരംഭങ്ങൾ ഏറെപ്രയോജനപ്രദമാണ്.കുട്ടികളുടെ സർഗശേഷിയുടെ ആവിഷ്കാരമാണ് ഈ

**നിനവ്...**

# ഉള്ളടക്കം


ചെറുകഥ

സോളമൻ രാജാവും പെണ്ണുങ്ങളും ---- 4

അമ്മയാണ് സ്നേഹം ---- 6

മത്സ്യ കന്യക ---- 7

പിച്ചക്കാരനും രാജകുമാരിയും ---- 5

കവിത

ബാലവേല ---- 8

എന്റെ ഗ്രാമം ---- 9

മൗന നൊമ്പരം ---- 10

പുസ്തകപരിചയം ---- 21

യാത്രാക്കുറിപ്പ് ---- 11

ലേഖനം

ഇന്റർനെറ്റ് ----12

ലഹരി മരുന്ന് ---- 14

വീണപൂവ്–ആര്?,എന്ത്? ---- 22

പൊതുവിജ്ഞാനം ---- 25

സസ്യത്തെ അറിയാം ---- 16

പഴഞ്ചൊല്ലുകൾ ---- 23

Poems

BIG MAGIC ---- 15

POETRY ---- 18

PROFILE ---- 20

ചെറുകഥ

# സോളമൻ രാജാവും പെണ്ണുങ്ങളും

ബുദ്ധിമാനും നീതി നടത്തുന്നതിൽ സമർഥനുമായിരുന്നു സോളമൻ രാജാവ് .

ഒരിക്കൽ രണ്ടു പെണ്ണുങ്ങൾ ഒരു കുട്ടിയെയും കൊണ്ട് രാജാവിൻെറ അടുക്കൽ പരാതിയുമായി എത്തി.

രണ്ടമത്തവളുടെ കുഞ്ഞു മരിച്ചു ,അപ്പോൾ തൻെറ കുഞ്ഞിനെ രണ്ടാമത്തവൾ എടുത്ത് വളർത്തിയതാണെന്നായിരുന്നു ഒന്നാമത്തവളുടെ പരാതി. കുഞ്ഞിനെ തിരിച്ചു വാങ്ങിത്തരണമെന്ന് അവൾ രാജാവിനോട് അപേക്ഷിച്ചു

രണ്ടാമത്തവൾ കുട്ടി അവളുടെതാണെന്ന് വാദിച്ചു. ആരാണ് കുട്ടിയുടെ അമ്മയെന്ന് ആർക്കും പറയാനായില്ല. രാജാവും ആ പെണ്ണുങ്ങളുടെ കരച്ചിൽ കേട്ട് തീരുമാനം എടുക്കാൻ കഴിയാതെ കുറച്ചുനേരം വിഷമിച്ചു. രണ്ട് പെണ്ണുങ്ങൾക്കും വേണം ആ കുട്ടിയെ..

രാജാവ് ഭടന്മാരെ വിളിച്ച് ഒരുവാൾ വരുത്തി. രാജാവ് കുഞ്ഞിനെ താഴെ കിടത്തി. എന്നിട്ട് വാൾ കുഞ്ഞിന്റെ ദേഹത്തിനു മുകളിൽ വച്ചു "ഞാൻ രണ്ടു പേർക്കും കുഞ്ഞിനെ പാതിവീതം തരാൻ പോവുകയാണ്". രാജാവ് ഇങ്ങനെ പറഞ്ഞു കൊണ്ട് വാളുകൊണ്ട് കുട്ടിയെ വെട്ടാനോങ്ങി.

അതുകണ്ടപ്പോൾ ഒന്നാമത്തെ പെണ്ണു പറഞ്ഞു, എനിക്ക് കുഞ്ഞിനെ വേണ്ട, അവൾക്ക്കൊടുത്താലും വേണ്ടില്ല കുഞ്ഞിനെ വീതിക്കാൻ ഞാൻ സമ്മതിക്കില്ല.

ഒന്നാമത്തവളുടെ കരച്ചിലോടുകൂടിയ ആ വാക്കുകൾകേട്ടപോൾ സോളമൻ രാജാവ് മനസിലാക്കി അവളാണ് ആ കുഞ്ഞിന്റെ യഥാർഥ അമ്മയെന്ന്. കുഞ്ഞിനെ രാജാവ് അവൾക്കു കൊടുത്തു രണ്ടാമത്തവളെ തട്ടിപ്പ് നടത്തിയതിന് ശിക്ഷിക്കുകയും ചെയ്തു.

Akshara and Priya

STD IX

കഥ

# പിച്ചക്കാരനും രാജകുമാരിയും

ഒരു പട്ടണത്തിൽ ഒരു പിച്ചക്കാരനുണ്ടായിരുന്നു.പണിയെടുക്കാൻ മടിയായതുകൊണ്ടാണ് ചെറുപ്പക്കാരനായ അവൻ തെണ്ടിയായത്. മടിയില്ലെങ്കിൽ അവന് പിച്ചതെണ്ടേണ്ടി വരില്ലായിരുന്നു.എങ്കിലും അവൻ വലിയ സ്വപ്നങ്ങൾ കാണുക പതിവായിരുന്നു.

ഒരു ദിവസം അവന് ഒരു കൊട്ടാരത്തിൽ നിന്ന് ചോറും കുറെ നല്ലകറികളും കിട്ടി. അത് ഒരു തിണ്ണയിൽ വെച്ചിട്ട് അവൻ ഇരുന്നുസ്വപ്നംകാണാൻതുടങ്ങി. ഒരു രാജകുമാരി സ്വയംവരത്തിന് റോഡിലൂടെ വരുന്നതാണ് സ്വപ്നം.രാജകുമാരി മനോഹരമായ വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് പിച്ചക്കാരന്റെ മുന്നിൽ വന്ന് അവനെ മാലയണിയിച്ച്ഭർത്താവാക്കുവാൻപോകുകയാണ്. അപ്പോൾ കൂടെവന്നിരുന്നഭടൻമാർപിച്ചക്കാരനെപിടിച്ചുമാറ്റി."പറ്റില്ല,രാജകുമാരി ക്ക് എന്നെയാണ് ഇഷ്ടം. നിങ്ങൾമാറിപ്പോകൂ.." പിച്ചക്കാരൻ രണ്ടുകൈകളും വീശി ഭടന്മാരെ തട്ടിത്തെറിപ്പിച്ചു; രാജകുമാരിയുടെ വരണമാല്യം കഴുത്തിലണിയാൻ. പക്ഷേ എന്തുണ്ടായെന്നോ? പിച്ചക്കാരന് അന്ന് കിട്ടിയ ഭക്ഷണം സൂക്ഷിച്ചിരുന്ന പാത്രം കൈകൾ വീശിയതിന്റെ ശക്തിയിൽ തെറിച്ചുപോയി.അവൻ സ്വപ്നത്തിൽ നിന്ന് ഉണർന്നു. അപ്പോ അവൻ കണ്ടത് തന്റെ ചോറും വിശേഷപ്പെട്ട കറികളും മണ്ണിൽ തട്ടിമറിഞ്ഞ് കിടക്കുന്നതായിരുന്നു. പാവം പിച്ചക്കാരൻ ! അവൻ കരഞ്ഞു പോയി.

# അമ്മയാണ് സ്നേഹം

ഒരിക്കൽ ഒരു തെരുവിൽ ഓമന എന്ന് പേരുള്ള ഒരമ്മ താമസിച്ചിരുന്നു.ആ അമ്മയ്ക്ക് മക്കൾ ഇല്ലായിരുന്നു. അതിനാൽ തന്നൊൽപക്കത്തെസുമതിയുടെ മകൾ ചിന്നുവിനെ അമ്മയ്ക്ക് വളരെ ഏറെ ഇഷ്ടമായിരുന്നു. ചിന്നുവിന്റെ വൃക്ക തകരാറിലായിരുന്നുവെന്ന കാര്യം മനയ്ക്ക്അറിയില്ലായിരുന്നു.പിന്നിട്സുമതി ഒറ്റയ്ക്ക് ഇരുന്ന് കരയുന്നത് കണ്ട് ഓമന അമ്മ വിവരം ചോദിച്ചപ്പോൾ ചിന്നുവിന്റെ വൃക്ക തകരാറിലായ കാര്യം സുമതി പറഞ്ഞു. ഓമന അതുകേട്ട് പൊട്ടി കരഞ്ഞു പോയി.

അമ്മയോട്ഇത്പറയാൻആവില്ലായിരുന്നുരാജേട്ടൻ ഈ വർഷംകുഞ്ഞിന്റെവൃക്കമാറ്റിവെയ്ക്കണംഎന്നോർത്തപ്പോഴാണ്ആദുരന്തം സംഭവിച്ചത്. രാജേട്ടന്റെ മരണം...    ഈ വീട് നടത്തികൊണ്ട് പോകേണ്ട പാട്  എനിക്ക് മാത്രമെ അറിയൂ.  ഞാൻ പണിതുകൊണ്ട് വരുന്ന പണം ചിന്നുവിന്  മരുന്നിനു പോലും തികയില്ല.  വിശന്നവയറോടെയാണ് ഞങ്ങൾ പല ദിവസങ്ങളും കഴിഞ്ഞിരുന്നത്.   പണം ഇല്ലാതെ ആരും വൃക്ക തരാൻ തയ്യാറാക്കുന്നില്ല.    ഓപ്പറേഷനുള്ള ഒരുക്കങ്ങൾ ചെയ്തോളു ഞാൻ വൃക്ക തരാൻ തയാറാണ്. അമ്മേ....... എന്റെ മോളെ അമ്മ രക്ഷിച്ച .എങ്ങനെ നന്ദിപറയണമെന്ന് എനിക്ക് അറിയില്ല.    സുമതിനീഎന്തിനാകരയുന്നത്. എനിക്ക് എന്തിനാണ്

രണ്ട്വൃക്കനമ്മുക്ക്നമ്മുടെചിന്നുമോളെതിരിച്ചകിട്ടിയാൽ പോരേ?.... ഞാൻ രണ്ട്  ദിവസം മുൻപ് ചെക്കപ്പ്ചെയ്തതായിരുന്നു .  എനിക്ക് ഒരു കുഴപ്പവുമില്ല. രണ്ട് ദിവസങ്ങൾക്കു ശേഷം ചിന്നു വന്റെ ഓപ്പറേഷൻ കഴിഞ്ഞു അവൾക്കിപ്പോൾ ഒരു കുഴപ്പവുമില്ല. അമ്മയില്ലായിരുന്നു എങ്കിൽ എന്റെ മകൾ രക്ഷപെടില്ലായിരുന്നു. അമ്മ ദൈവത്തിന്റെ മറ്റൊരു രൂപമാണ്. അമ്മ മറ്റുള്ളവർക്ക് മാതൃകയാണ്............

Aleena Raj
STD viii

********************

കഥ

# മത്സ്യ കന്യക

ഒരിടത്ത് ഒരു പെൺ കുട്ടിയും അവളുടെ സഹോദരനുംകാട്ടിലായിരുന്നു താമസിച്ചിരുന്നത്. ആ പെൺകുട്ടിയുടെ എല്ലാം അവളുടെ അനിയനായിരുന്നു. ഒരിക്കൽ അവൾക്ക് കാട്ടിൽ നിന്ന് ഒരു മാല കിട്ടി. അതും കൊണ്ട് അവൾ വീട്ടിൽ വന്നപ്പോൾ അവളുടെ അനിയൻ അവളോട് ചോദിച്ചുഈ മാല എവിടെ നിന്നാണ് കിട്ടിയത് അവൾ പറഞ്ഞു ' ഈ മാല എനിക്ക് കാട്ടിൽ നിന്നാണ് കിട്ടിയതെന്ന്. പല പ്രാവശ്യം അവളുടെ അനിയൻ മാല ചോദിച്ചുവെങ്കിലും അവൾ കൊടുക്കാൻ തയ്യാറായിരുന്നില്ല. ഒരിക്കൽ അവൻ ചേച്ചിയെകൂട്ടി കാട്ടിലൂടെ യാത്രയായി.  ഒരു നദിയോരത്തവർ വന്നെത്തി. അനിയൻ അവളോട് ചോദിച്ചു മരത്തിൽ കിടക്കുന്ന പൂ പറിച്ചു തരുമോ? അവൾ ഒരു മടിയും കാട്ടാതെ പൂവ് പറിക്കാൻ മരത്തിൽ കയറി. ഈ സമയം നോക്കി  അവളുടെ കഴുത്തിലണിഞ്ഞ മാല അവൻ പൊട്ടിച്ചെടുത്തതും മരത്തിൽ നിന്ന് കാല് തെറ്റി അവൾ നദിയിൽ വീണു. അതുകണ്ട് അവളുടെ അനിയൻ മാല വലിച്ചെറിഞ്ഞ് പൊട്ടികരഞ്ഞു. നദിയിൽ വീണ അവൾ പിന്നിടൊരു മത്സ്യ കന്യകയായി മാറുകയായിരുന്നു.

# ബാലവേല

മൂകമാം നഗരവീഥികൾ മാത്രം സാക്ഷി
കുരുന്നുകളോട് പ്രവർത്തിച്ച നിഷ്ഠൂരതകൾക്ക്
നിഗൂഢമാം അനുഭവകഥകൾക്ക് അനേകായിരം
ഓരോ അധ്യായങ്ങളും ദയനീയ വിലാപഗാഥകളല്ലോ
നോക്കൂ , ചില്ലുകളും മുള്ളുകളും
ഓമനപാദങ്ങളും വികൃതമാക്കിയിരിക്കുന്നു
ആഹോ കഷ്ടം നിസ്സഹായതയുടെ അശ്രുകങ്ങൾ
വീണത് ഭൂമിദേവിയുടെ ഹൃദയത്തിലല്ലോ
മനുഷ്യൻ മൃഗമായി പരിണമിക്കുന്ന മുഹൂർത്തങ്ങൾളത്രേ

പിച്ചക്കാശിനായി വിൽക്കപ്പെടുമന്നത്
ഹതഭാഗ്യ കുരുന്നുകൾ തൻ ബാല്യമല്ലോ
സ്വന്തമായി ഇവർക്കെന്നും,
ദുർഗന്ധം വമിക്കുന്ന,
നഗരവീഥികൾ മാത്രമല്ലോ

ഗോപിക
നന്ദന

# എന്റെ ഗ്രാമം



എത്ര സുന്ദരമെൻ ഗ്രാമം
മലതൻ ഗ്രാമം എൻ ഗ്രാമം
മലകൾ പുഴകൾ അരുവികളൊഴുകും
സുന്ദരഗ്രാമം എൻ ഗ്രാമം.

പൂവുകൾ തോറും കയറിയിറങ്ങി
പൂന്തേൻ നുകരും പൂമ്പാറ്റകളും.
അരുവിയിൽ നിറയെ കളകളമിളകും
പൊൻ മീനുകളുമുള്ളൊരു ഗ്രാമം.

മരങ്ങൾ തിങ്ങി നിറഞ്ഞൊരു നാട്
മഴതൻ സംഗീതമുള്ളൊരു നാട്
കുയിൽ പാട്ട് കേട്ടുണരുന്നൊരുനാട്
നന്മകൾ നിറഞ്ഞോരെൻ നാട്.

നയന ബിജു

കവിത

# മൗന നൊമ്പരം

എന്റെ ഈ കാതും കണ്ണും മരച്ചുപോയെങ്കിൽ
നിന്റെ ഇടനെഞ്ചിൽ നൊമ്പരം കാണേണ്ടി വരില്ലായിരുന്നു .
ആവില്ലെനിക്ക് !
അറിഞ്ഞുകൊണ്ട് നിന്റെ മരണത്തെ നോക്കി നിൽക്കാൻ
പൊഴിഞ്ഞ്ഞു വീഴുമി ഒരോ നിമിഷവും
എരിഞ്ഞടങ്ങുമീ ഒരോ ദിനങ്ങളും നിന്റെ ജീവന്റെ വിലയ്ക്ക്
തുല്യ മാണെന്ന് അറിയാതെങ്കിലും എത്രയോ വട്ടം
ഞാനും നിന്നെ കൊല്ലാൻ ശ്രമിച്ചിരിക്കുന്നു.
എന്റെ കാതും കണ്ണും മരച്ച പോയെങ്കിൽ
ധാത്രി!   നിന്റെയീ മൗനനൊമ്പരം അറിയില്ലായിരുന്നു.

അർച്ചന ഷാജി

യാത്രാ വിവരണം

# നീലക്കുറിഞ്ഞി യുടെ നാട്ടിൽ

ഹരിതാഭമായ മലഞ്ചെരുവുകളെ വയലറ്റ് നിറമണിയിച്ച് പൂത്തു നിൽക്കുന്ന നിലക്കുറിഞ്ഞിയുടെ സാന്നിധ്യം ശാന്തൻ പാറയിലെ വിനോദ സഞ്ചാര കേന്ദ്രമായ നീലിമലയുടെ നീല ക്കുറിഞ്ഞിയാണ്.

പൂപ്പാറ കുമളി സംസ്ഥാന പാതയിൽ ശാന്തൻ പാറയിൽ നിന്ന് നാല് കിലോമീറ്റർ അകലെ സഞ്ചരിച്ചാൽ , കഴുതമേട്, അവിടെ നിന്ന് ഒരു കിലോമിറ്റർ പോയാൽ എകദേശം 50 ഏക്കറിലധികം സ്ഥലത്തായി നീലക്കുറിഞ്ഞി പൂത്തു നിൽക്കാറുണ്ട് .

വിശാലമായ തേയിലതോട്ടങ്ങളും, കോടമഞ്ഞു പുതച്ച മൊട്ടകുന്നുകളും, മലനിരകൾ ചുറ്റിയൊഴുകുന്ന പന്നിയാർ പുഴയും മതികെട്ടാൻ ദേശീയോദ്യാനവും അനുഗ്രഹീതമായ ശാന്തൻപാറ പഞ്ചായത്തിലൂടെയുള്ള ഞങ്ങളുടെ ഈ ചെറിയ വിനോദയാത്ര എത്ര

പറഞ്ഞാലും തീരില്ല.

# ഇന്റർനെറ്റ്

കംപ്യൂട്ടറുകളുടെ വ്യാപനത്തോടെ ലോകം ചെറുതായി വരുകയാണ് . ആശയവിനിമയം വിരൽത്തുമ്പിൽ എന്ന അവസ്ഥ ഇതോടെ സംജാതമാവുകയും ചെയ്തു . കംപ്യൂട്ടർ സഹായത്തോടെ ലോകത്തെവിടെയുമുള്ള ആളുകളുമായി നിമിഷങ്ങൾക്കകം ബന്ധപ്പെടാൻ കഴിയുന്ന സംവിധാനമത്രേ ഇന്റർനെറ്റ്. ദശകോടിക്കണക്കിൽ കംപ്യൂട്ടറുകൾ ഇപ്പോൾ ഇന്റർനെറ്റുമായി ബന്ധപ്പെട്ടിരിക്കുന്നു. ഞൊടിയിടയിൽ വിവരങ്ങൾ ശേഖരിക്കുവാനും കൈമാറുവാനും കഴിയുന്നു..മെയിൽ ചാറ്റ്സംവിധാനവും ഇന്റർനെറ്റിലുണ്ട്.

വളരെ ഹ്രസ്വമായ ഒരു ചരിത്രമാണ് ഇന്റർനെറ്റിന്റേത്.അമേരിക്കയും മുൻസോവിയറ്റും യൂണിയനും തമ്മിൽ തുടർന്നുവന്നിരുന്ന ശീതസമരകാലം വളരെ ചരിത്രം നിളുന്നുള്ളു. സോവിയറ്റ് യൂണിയൻ സ്പുട്നിക് എന്ന കൃത്രിമഉപഗ്രഹം വിക്ഷേപിച്ചതാണ് കംപ്യൂട്ടർ ഗവേഷണത്തില് അമേരിക്കയ്ക്ക് നിമിത്തമാവുന്നത്. കംപ്യൂട്ടർ ശൃംഖലയെക്കുറിച്ച് ഗൗരവപൂർണമായ ആലോചനയായി പിന്നീട് അമേരിക്കയുടേത്. പ്രതിരോധസംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള യത്നത്തിന്റെ ഭാഗമായിരുന്നു അമേരിക്കയുടെ ഇന്റർനെറ്റ്. പരീക്ഷണങ്ങൾ അർപാനറ്റ് പദ്ധതിക്ക് തുടർന്ന് അമേരിക്ക തുടക്കം കുറിക്കുകയാണ്.ക്ളീന്റക്ക്, വിന്റൺ സർഫ് തുടങ്ങി കംപ്യൂട്ടർ ഗവേഷണരംഗത്തെ പ്രഗത്ഭമതികളെല്ലാം ഈ പദ്ധതിയിൽ പങ്കാളിത്തം വഹിച്ചിരുന്നു. അർപ്പാനറ്റ് ആണ് 1970 ആയപ്പോഴേക്കും ഇന്റർനെറ്റ് എന്നപേരിൽ അറിയപ്പെട്ട് തുടങ്ങിയത്.

കാലിഫോർണിയ സർവകലാശാലയിൽ പ്രൊഫസർ ആയിരുന്ന ലിയോനാർഡ് ക്ലീന്റോക് 1969 ഒക്ടോബർ 29 ന്ആദ്യത്തെഇന്റർനെറ്റ്സംവിധാനംനിർമിച്ചുഎന്നാണ്

പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത് എന്നാൽ മറ്റൊരു കംപ്യൂട്ടർ ശാസ്ത്രജ്ഞനായ വിന്റൺ സെർഫ് ഇത് അംഗീകരിക്കുന്നില്ല.
1973 ൽഇന്റർനെറ്റിന്റെആദ്യരൂപംതയ്യാറാക്കിയത് താനാണെന്നും 1974 ൽ അത് പരസ്യമാക്കിയെന്നുമാണ് സെഫിന്റെ അവകാശവാദം.

ക്ലീൻ റോക്ക് തന്റെ പരീക്ഷണശാലയിലെ കംപ്യൂട്ടറും സ്റ്റാൻ ഫോർട്ട് സർവകലാശാലയിൽ ഘടിപ്പിച്ച മറ്റൊരു കംപ്യൂട്ടറുമായാണ് ആവശ്യവിനിമയം നടത്തിയത്
ലോഗ് ഓൺ എന്ന പദമാണ് അദ്ദേഹം ആദ്യമായി ഇന്റർനെറ്റിലൂടെ അയച്ചത്.രണ്ടുഘട്ടമായിനടന്ന ഈ പരീക്ഷണത്തിൽ ആദ്യം അയച്ച എൻ. ഒ എന്നീ അക്ഷരങ്ങൾ സ്റ്ററഫോർട്ടിൽ ലഭിച്ചു . ജി എന്ന അക്ഷരം ടൈപ്പ് ചെയ്യുമ്പോഴേക്കും കംപ്യൂട്ടർ പ്രവർത്തനം നിലക്കുകയായിരുന്നു. അരമണിക്കൂർ കഴിഞ്ഞശേഷം വീണ്ടും നടത്തിയ ശ്രമത്തിലാണ് ലോഗോൺ എന്ന പദത്തിന്റെ എല്ലാ അക്ഷരങ്ങളും സ്റ്റാർ ഫോർട്ട് സർവകലാശാലയിലേക്ക് അയക്കാൻ കഴിഞ്ഞത്. ഈ പരീക്ഷണങ്ങൾക്കായി ഉപയോഗിച്ചിരുന്ന കംപ്യൂട്ടറുകൾ ഇന്നുകാണുന്നപോലെആയിരുന്നില്ല.ഒരാൾക്ക്കയറിയിരിക്കാവുന്ന വലിയ റഫ്രിജറേറ്ററുകളുടെ വലിപ്പമുണ്ടായിരുന്നു അവയ്ക്ക് .ഇന്റർനെറ്റ്കണ്ടുപിടിത്തത്തെക്കുറിച്ചുള്ളതർക്കംനിലനിക്കുകയാണെങ്കിലും ആധുനിക ജീവിതത്തിന് ഒഴിവാക്കാനാവാത്ത ഒരു ആവശ്യവമായി ഇന്റർ നെറ്റ് മുന്നേറുകയാണ്.

ലേഖനം :

# ലഹരിമരുന്ന്




ഇന്ന് നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന ഏറ്റവും വലിയ വിഷപദാർത്ഥമാണ് ലഹരിമരുന്ന് ഇന്ന് കൊച്ചു കുട്ടികൾ മുതൽ മുതിർന്നവർവരെ ഇതുപയോഗിക്കുന്നു. ചെറുപ്പക്കാരാണ് ഈ ലഹരി പദാർഥം കൂടുതലായി ഉപയോഗിക്കുന്നത് .

മദ്യത്തിനും മയക്കു മരുന്നിനും അടിമകളായ അനേകം പേരെ നാം നിത്യേന കാണുന്നു. ഇതിലൂടെ എത്ര കുടുംബങ്ങൾ നശിക്കുന്നു എന്ന് നമ്മുക്ക് കാണാൻ സാധിക്കും.ലഹരി മരുന്നു കളിലൂടെയാണ് ഒരു മനുഷ്യനെ കൊലപാതകികളും കള്ളൻമ്മാരും ആകുന്നത് . മലയാള കവിതയുടെ കവിയായ ചങ്ങമ്പുഴയ്ക്കും മദ്യം എന്ന പാനീയം ഏറെ ഇഷ്ടമുള്ളതായിരുന്നു. അതിനാലാണ് അദ്ദേഹം സമയം എത്തും മുമ്പേതന്നെ ലോകത്തോട് വിടപറഞ്ഞത് മദ്യത്തിനും ലഹരിമരുന്നിനും അടിമകൾ ആയവരെ നാം ബോധവൽക്കരിച്ച് സത്യത്തിന്റെയും നന്മയുടെയും നേർവഴിക്ക് കൊണ്ട് വരണം. ഇതിലൂടെ നമ്മുടെ സമൂഹം ലഹരി വിമുക്തമാകും.



# BIG MAGIC

Febina mol

Oh my nature
beautiful nature
plenty nature
pretty nature

we are playing in your laps
I shared my sorrows with you
you cool me with
your gentle, breeze



സസ്യത്തെ അറിയാം

# <u>ചെറൂള</u>



നമ്മുടെ നാട്ടിൻപുറത്തു സർവ സാധാരണം ആയി കണ്ടുവരുന്ന ഒരു ചെടിയാണ് ചെറൂള.ദശപുഷ്പങ്ങളിൽ ഒന്നാണ് ചെറൂള .വെറുതെ മുടിയിൽ ചൂടിയാൽ ആയുസ്സ് വർധിക്കും എന്നൊരു വിശ്വാസം പണ്ടുമുതൽക്കെ നിലനിൽക്കുന്നുണ്ട് .ഒരുപാട് ഔഷധ ഗുണങ്ങൾ ഉള്ള ഒരു ചെടിയാണ് ചെറൂള എന്ന കാര്യത്തിൽ സംശയം ഇല്ല .വൃക്കരോഗങ്ങൾ, മൂത്രാശയക്കല്ല്, രക്തസ്രാവം എന്നീ അവസ്ഥകൾക്കെല്ലാം പരിഹാരം കാണുന്നതിന് സഹായിക്കുന്നു ചെറൂള.മൂത്രാശയ സംബന്ധമായ രോഗങ്ങൾക്ക് പരിഹാരം കാണുന്നതിന് ഏറ്റവും അധികം സഹായിക്കുന്ന ഒന്നാണ് ചെറൂള.ചെറൂളയുടെ അതിശയിപ്പിക്കുന്ന ആരോഗ്യ ഗുണങ്ങൾ എന്തൊക്കെ എന്ന് നോക്കാം .

ഒട്ടു മിക്ക ആളുകളെയും അലട്ടുന്ന ഒരു പ്രശ്നം ആണ് കിഡ്നി സ്ടോൻ ഒരു പരിതിയിൽ അധികം വളർന്നാൽ കിഡ്നി സ്ടോൻ സർജറി ചെയുക അല്ലാതെ വേറെ മാർഗം ഇല്ല എന്ന് എല്ലാവര്ക്കും അറിയാം .എന്നാൽ തുടക്കത്തിൽ കിഡ്നി സ്ടോൻ കണ്ടെത്തുക ആണ് എങ്കിൽ .അല്ലങ്കിൽ കിഡ്നി സ്ടോൻ വരുന്നത് തടയാൻ ഒക്കെ നല്ലൊരു പരിഹാരം ആണ് ചെറൂള .ചെറൂളയുടെ ഇല അൽപം എടുത്ത് പാലിലോ നെയ്യിലോ ഇട്ട് കാച്ചിയ ശേഷം കഴിക്കുന്നത് കിഡ്നി സ്റ്റോനിന് നല്ലൊരു പരിഹാരം ആണ് .ചെറൂള ഇലയെടുത്ത് കഷായം വെച്ച് കുടിക്കുന്നതും വൃക്കരോഗങ്ങളെ ഇല്ലാതാക്കി കിഡ്നി സ്റ്റോൺ പോലുള്ള അവസ്ഥകൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു.

ചെറൂളയും തഴുതാമയും തുല്യ അളവിൽ എടുത്ത് ഒരു ചെറുനാരങ്ങ വലുപ്പത്തിൽ ആക്കി കരിക്കിൻ വെള്ളത്തിൽ മിക്സ് ചെയ്ത് കഴിക്കുന്നതും കിഡ്നി സ്റ്റോണിന് പരിഹാരം കാണുന്നതിന് സഹായിക്കുന്നു.

പ്രമേഹ രോഗികൾക്കും പ്രമേഹം തടയുന്നതിനും ഉള്ള നല്ലൊരു മരുന്നാണ് ചെറൂള .മാറികൊണ്ടിരിക്കുന്ന ജീവിത ശൈലിയും ജീവിത രീതിയും ഭക്ഷണവും ഒക്കെയാണ് പ്രമേഹത്തിന് കാരണം . അൽപം ചെറൂളയുടെ ഇല അരച്ച് മോരിൽ കഴിക്കുന്നത് പ്രമേഹ രോഗികൾക്ക് പ്രമേഹം നിയന്ത്രണ വിധേയം ആക്കാൻ സഹായിക്കുന്നു .

മൂത്രാശയരോഗങ്ങളും മൂത്രാശയാതിലെ അണുബാധയും സ്ത്രീ പുരുഷ ഭേദം ഇല്ലാതെ എല്ലാവരെയും അലട്ടുന്ന പ്രശ്നം ആണ് .മൂതാശയത്തിൽ അണുബാധ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ ആണ് കൂട്ടതലായി കണ്ടുവരുന്നത് .ചെറൂള ഇല ഇട്ടു തിളപിച്ച വെള്ളം കുടിക്കുന്നത് ഈ പ്രശ്നത്തിനുള്ള നല്ലൊരു പരിഹാരം ആണ് .

ശരീര വേദനയും സന്ധി വേദനയും വളരെ വേഗത്തിൽ ശമിപ്പിക്കുന്നതിനുള്ള കഴിവ്

ചെറൂളക്ക് ഉണ്ട് .ചെറൂള ഇല ഇട്ട ചൂടാക്കിയ വെള്ളത്തിൽ കുളിക്കുന്നത് ശരീര വേദനക്കും സന്ധി വേദനക്കും ഉള്ള നല്ലൊരു പരിഹാരം ആണ് .

പലരും പുറത്ത് പറയാൻ മടിക്കുന്ന രോഗാവസ്ഥയാണ് മൂലക്കുരു. എന്നാൽ ഇതിന് നല്ല നാടൻ ഒറ്റമൂലികൾ ഉണ്ട്. അവ എന്തൊക്കെയെന്ന് പലർക്കും അറിയില്ല. ഇതിൽ ഒന്നാണ് ചെറൂള. ചെറൂള ഉപയോഗിക്കുന്നതിലൂടെ പലപ്പോഴും മൂലക്കുരു മൂലം ഉണ്ടാവുന്ന രക്തസ്രാവത്തിന് നമുക്ക് പരിഹാരം കാണാവുന്നതാണ്. ഇത് ആരോഗ്യത്തിന് നൽകുന്ന ഗുണങ്ങൾ ചില്ലറയല്ല.




ഓർമ്മശക്തി വർദ്ധിപ്പിക്കുന്നതിനും അൽഷിമേഴ്സ് പോലുള്ള രോഗാവസ്ഥകൾക്ക് പരിഹാരം കാണുന്നതിനും സഹായിക്കുന്നു ചെറൂള. ചെറൂള നെയ്യിൽ കാച്ചി കഴിക്കുന്നതിലൂടെ അത് ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു. കൂടാതെ പാലിലും ചെറൂള കാച്ചി കഴിക്കുന്നതും ഉത്തമം.

കൃമിശല്യം കൊണ്ട് വലയുന്നവർക്കും നല്ല ആശ്വാസമാണ് ചെറൂള. ചെറൂള കൊണ്ട് ഇത്തരം പ്രതിസന്ധികളെ നമുക്ക് പെട്ടെന്ന് തന്നെ ഇല്ലാതാക്കുന്നു. ചെറൂള വെള്ളം കുടിക്കുന്നത് കൃമിശല്യം എന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നു. എന്നാൽ പുതിയതായി എന്ത് കാര്യങ്ങൾ പരീക്ഷിക്കുമ്പോഴും ഒരു നല്ല ആരോഗ്യ വിദഗ്ധന്റെ ഉപദേശ പ്രകാരം മാത്രമേ ചെയ്യാൻ പാടുകയുള്ളൂ. അല്ലെങ്കിൽ അത് പലപ്പോഴും ആരോഗ്യത്തിന് വിപരീത ഫലമായിരിക്കും ഉണ്ടാക്കുക. കാരണം ഇത്തരം പ്രകൃതിദത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുമ്പോൾ ചില ശീലങ്ങളിൽ മാറ്റം വരുത്തേണ്ടതാണ്. അതുകൊണ്ട് ഡോക്ടറുടെ ഉപദേശപ്രകാരം ഇത്തരം കാര്യങ്ങൾ ചെയ്യാവുന്നതാണ്.

*സമ്പാദക.....* *Gopika Mohanan*

# POETRY

And it was at that age...
poetry arrived in search of me..
I don't know, I don;t know where
it come from, from winter or a river.
I don't know how or when,
no they were not voices they were not
words, nor silence,
but from a street I was summoned,
from the branches of night,
abruptly from the others,
among violent fires
or returning alone
there I was without a face
and it touched me.



I did not know what to say mouth
had no way
with names,
my eyes were blind,
and something started in my soul,
fever or forgotten wings,
and I made my own way,
deciphering
that fire

and I wrote the first faint line
faint,without substance , pure
nonsense,
pure wisdom
someone who knows nothing
and suddenly I saw
the heavens
unfastened and open,

planets,
palpitating plantations,
shadow perforated,
riddled
with arrows fire and flowers,
the winding night,the universe.
And I , infinitesimal being,
drunk with the great starry
void,
likeness, image of
mystery,
felt myself a pure part
of the abyss,
I wheeled with the stars,
my heart broke loose on the wind.

*Collected by:* *Archana .R. Nair*

# Profile

Nandita Das



Nandita Das was born in Calcutta . Her poetry is filled with rich humour, great imagery. And philosophicalthoughts. While at College, her poem stalemate' was ublished in an anthology. By the poet's international organization, in 1991.the poem "Newtons Law" is taken from her collection of poems colours of delight. She now lives in Bangalore .

Archana R Nair,
Arya .S. Nair

# പുസ്തക പരിചയം

• മഹാത്മഗാന്ധി കമ്പ്യൂട്ടർ യുഗത്തിൽ എന്ന പുസ്തകമാണ് ഞാൻ കഴിഞ്ഞദിവസം വായിച്ചത്.ഈ പുസ്തകം എഴുതിയത് പ്രൊഫസർ എൻ രാധാകൃഷ്ണനാണ്. ആഗോളസമാധാന പ്രവർത്തനങ്ങളിൽ ഗാന്ധിമാർഗത്തിന്റെ ശക്തനായ വ്യാഖ്യാതാവ്, സംഘാടകൻ, അധ്യാപകൻ, വാഗ്മി, ഗ്രന്ഥകാരൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. കഴിഞ്ഞ നാല് ദശാബ്ദങ്ങളായി അറുപതിൽ അധികം വിദേശ സർവ്വകലാശാലകളിൽ ഗാന്ധിയൻ ദർശനത്തിന്റെ കാലികപ്രസക്തിയെപ്പറ്റി പഠിപ്പിക്കുകയും ഗവേഷകരെ സഹായിക്കുകയും.ചെയ്യുന്നു. സത്യാഗ്രഹ ശതാബ്ദിയോടനുബന്ധിച്ച് പ്രൊഫ.രാധാകൃഷ്ണൻ 2006 –2007 കാലയളവിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സത്യാഗ്രഹത്തിന്റെ കാലിക പ്രസക്തിയെപ്പറ്റി നടത്തിയ നൂറ് പ്രസംഗങ്ങളുടെ പരമ്പരഏറെ ജനശ്രദ്ധനേടി. 1999 ൽ കൊളമ്പിയയിലെ ഭീകരവാദികൾ തട്ടികൊണ്ടുപോവുകയും പിന്നീട് മോചിപ്പിക്കുകയും ചെയ്ത എട്ട് ലോക സമാധാന പ്രവർത്തകരിൽ ഒരാളാണ് പ്രൊഫ.എൻ. രാധാകൃഷ്ണൻ.

ഭാവിയിൽ ഉണ്ടാകുമെന്ന് നാം ഇന്ന് കരുതുന്നതും ഇന്നു നമുക്ക്ഊഹിക്കാൻ കഴിയാത്തതുമായ മനുഷ്യരാശിയുടെ പ്രശ്നങ്ങൾ ഗാന്ധി തെളിയിച്ച വിളക്കുകൊണ്ട് കണ്ടെത്താൻ ശ്രമിക്കുകയാണ് രാധാകൃഷ്ണൻ. ഈ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ നിലവിലുള്ള ലോകക്രമത്തെ അതേപടിഅംഗീകരിക്കാൻ അദ്ദേഹം തയ്യാറാവുന്നില്ല. ചരിത്രത്തിന്റെ വികാസ പരിണാമങ്ങളിൽ യുദ്ധത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയ ലോകക്രമത്തെ അതേപടി അംഗീകരിച്ചുകൊണ്ടല്ല അദ്ദേഹം ആശയങ്ങൾ അവതരിപ്പിക്കുന്നത്.

അക്രമത്തെ അപലപിക്കുകയല്ല, അക്രമത്തെ മറ്റൊരക്രമം കൊണ്ട് അടിച്ചമർത്തുകയുമല്ല, മറിച്ച് ആക്രമണ പ്രവണതയുടെ തന്നെ വേരു തേടുകയാണദ്ദേഹം .

അഹിംസ യുക്തി സഹായകമായിത്തീരുന്ന ഒരു മാനസിക അവസ്ഥയിലേക്ക് മാനവരാശി പൊതുവെ മുന്നേറുമ്പോൾ മാത്രമാണ് ഗാന്ധിജി ലോക രാഷ്ട്രീയത്തിൽ കൂടുതൽ സ്വീകാര്യനാകുക."പൊരുതിജയിപ്പതസാദ്ധ്യമെന്നിനോടൊരു മതവും....."

ആത്മോപദേശ ശതകത്തിൽ പറഞ്ഞതിന്റെ പൊരുൾ എല്ലാ അർത്ഥത്തിലും ഉൾകൊണ്ടിരുന്നു ഗാന്ധിജി.

Anju Manoj

STD IX

ലേഖനം

# വീണപൂവ് ആര് ? എന്ത് ?

വീണപൂവിലെ പൂവ് എന്തിന്റെ പ്രതീകമാണ് എന്നതിനെക്കുറിച്ച് പലതുംപലഅഭിപ്രായങ്ങളുംപുറപ്പെടുവിച്ചിട്ടുണ്ട് .വീണപൂവിലെഒന്നാമത്തെശ്ലോകം കുമാരനാശാന്റെ കൈപ്പടയിൽ തന്നെ എഴുതിയത്, വീണപൂവിന്റെനാട്ടിൽ എന്ന ലേഖനത്തിലൂടെ ശ്രീ . എം . ആർ ബി. പ്രകാശിപ്പിച്ചിട്ടുണ്ട്. (മാതൃഭൂമി വാരിക, 1981 മാർച്ച് 28 ലക്കം 1 )ആശ്ലോകത്തോടൊപ്പം ആശാന്റെ ഒരു പാലക്കാട്ട് മാണിക്യപ്പട്ടണത്തിൽ 1083 വൃശ്ചികത്തിൽ എന്റെ മാന്യസുഹൃത്ത് ജയചന്ദ്രജൈനന്റെ വീട്ടിൽ എന്റെ ഗുരുവുമൊന്നിച്ച് താമസിക്കുന്ന കാലത്തെ കുറിപ്പുമുണ്ട്. പന്തലിൽനിന്ന് താഴത്തുവീണു കിടക്കുന്ന സുഗന്ധവാഹിയായ മുല്ല പൂവിനെ കണ്ട് മനം നൊന്ത് എഴുതിയത് ' പാലക്കാട്ട് ഹൃദയസ്പർശിയായ രീതിയിൽ വീണു കിടക്കുന്ന പൂവും, രോഗശയ്യയിൽ തന്റെ പരമഗുരുവിന്റെ മരണപ്രായമായ കിടപ്പും, കവി ഹൃദയത്തെ മഥിച്ചതിന്റെ അനന്തരഫലമാകണം വീണപൂവ് എന്ന നാനാർത്ഥതലങ്ങളുള്ള വിശിഷ്ടകൃതി

.

Anju Manoj
STD IX

# പച്ചക്കറികൾ കൊണ്ടൊരു പഴഞ്ചൊല്ല്

ഞാനൊരു പച്ചക്കറിയാണ് പഴമായും പച്ചയായും

എന്നെ ഉപയോഗിക്കുന്നു ചുവപ്പ് നിറമാണ്.

തക്കാളി

എനിക്ക് ഓറഞ്ച്  നിറമാണ്. നീളമുണ്ട്. മുയലുകൾക്ക്

എന്നെ ഇഷ്ടമാണ്.

ക്യാരറ്റ്

എന്നെക്കണ്ടാൽ  വിരലുപോലെയാണ്. നീളമുണ്ട്

ഞാനാര്?

വെണ്ടയ്ക്ക

എനിക്ക് മഞ്ഞനിറമാണ് ഉരുണ്ടതാണ്

മത്തങ്ങ

എനിക്ക് വയലറ്റ് നിറമാണ് . ഉരുണ്ടതാണ്

ബീറ്റ്റൂട്ട്

എനിക്ക് നല്ല നീളമുണ്ട് . വള്ളിയായും അല്ലാതെയും

ഞാൻ വളരും

പയർ

ഞാൻ ഉരുണ്ടതാണ് മണ്ണിനടിയിൽ  ഉണ്ടാകുന്നു

കറിവെക്കാൻ ഉപയോഗിക്കുന്നു

കിഴങ്ങ്

ഞാനൊരു പച്ചക്കറിയാണ് . നീളമുണ്ട് .പാമ്പുപോലെയാണ്

പടവലങ്ങ



മുള്ളുണ്ട് , കയ്പ്പുണ്ട് , വാലുണ്ട് , നീളമുണ്ട്

പാവയ്ക്ക

ഞാൻ വടിപോലെയാണ് അവിയൽ വയ്ക്കാൻ എന്നെ വേണം

മുരിങ്ങക്കായ്

ഞാനൊരു പൂവാണ് , എന്നെ കറിവയ്ക്കുന്നു .

കോളിഫ്ലവർ

എന്നെ കുട്ടിയാൽ കുട്ടികൾ കരയും

മുളക്

എന്നെ അരിയുമ്പോൾ എല്ലാവരും കരയും

ഉള്ളി

Ashif

Hariprasad

# GK General Knowledge QUIZ

- രാസ വസ്തുക്കളുടെ രാജാവ് ?

    സൾഫ്യൂരിക് ആസിഡ്

- ഏഷ്യയിലെ ഏറ്റവും വലിയ ആർച്ച് ഡാം ?

    ഇടുക്കി.

- ഇന്ത്യയുടെ പൂന്തോട്ട നഗരം ?

    ബാംഗ്ലൂർ.

- കേരള നവോത്ഥാനത്തിന്റെ പിതാവ് ?

    ശ്രീ. നാരായണ ഗുരു.

- ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനം ?

    മുംബൈ.

- ഭൂമിയുടെ ഇരട്ട എന്നറിയപ്പെടുന്ന ഗ്രഹം ?

    ശുക്രൻ.

- ദേശീയ ഗാനം ആലപിക്കാൻ വേണ്ട സമയം ?

    52 സെക്കന്റ്.

- വൈക്കം സത്യാഗ്രഹം നടന്ന വർഷം ?

    1924.

- കേരളത്തിന്റെ നെല്ലറ ?

    കുട്ടനാട്.

- ആഗോളതാപത്തിനു കാരണമായ വാതകം

    $CO_2$.

Anjana R Nair

Aryananda

# " നന്ദി "

ഈ മാഗസിൻ പൂർത്തിയാക്കുവാൻ ഞങ്ങളെ സഹായിച്ച

എല്ലാവർക്കും NSSHSS KOOTTAR –Little kites

ടീമിന്റെ ഹൃദയം നിറഞ്ഞ നന്ദി

